MR. A. KUMARA PILLAI (*Secretary to Government*): Dr. Noble has been a member of the Medical Board, and he was appointed as a member of the committee. Since he is a doctor the Government thought that he would do well to advise the Government in this matter.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): Is the Medical Board in existence now?

MR. A. KUMARA PILLAI (*Secretary to Government*): No.

Rules re entertainment of subordinates in the P. W. D.

65. MR. K. KRISHNAN NAYAR (*Pattanamtitta*): Will the Government be pleased to state:

(*a*) whether there are any specific rules and Government orders governing initial entertainment and promotion in the ministerial establishment of the Travancore Public Works Department;

(*b*) if so, whether they will place on the table copies of such rules and orders; and

(*c*) whether they adhere to those rules and orders with regard to appointments and promotions?

MR. C. N. SRIRENGANATHA SASTRI (*Ag. Secretary to Government*):

(*a*) Yes.

(*b*) A copy * of the rules governing initial appointments and promotions in the ministerial establishment of the P.W. D. is appended.

(*c*) Yes, except in short vacancies when promotions are granted to senior men on the spot, or in special cases in the interest of service.

Appointment of Mr. Ramachandra Rao as Division Assistant.

66. MR. JOSEPH KUNJU (*Changanachery cum Peermade*): Will the Government be pleased to state:

(*a*) whether Mr. M. Ramachandra Rao, Municipal President, Trivandrum, has been recommended for appointment as a Division Assistant;

(*b*) whether he has had, at any time, any experience in the Revenue and Magisterial Departments;

(*c*) if so, what;

(*d*) whether there is any rule that only those who have experience in Revenue and Magisterial Departments should be appointed as Division Assistants; and

(*e*) if so, whether Mr. Ramachandra Rao is not now appointed in contravention of that rule?

MR. K. GEORGE (*Chief Secretary to Government*): (*a*) Mr. Ramachandra Rao has been appointed as an Ag. Division Assistant.

(*b*) No.

(*c*) This does not arise in view of the answer to part (*b*) above.

(*d*) There is no such rule.

(*e*) In view of the answer to part (*d*), this does not arise.

*Vide Appendix III page – iv]

LIBRARY ARCHIVES Kerala Legislative Assembly

MR. JOSEPH KUNJU (*Changanachery* cum *Peermade*): പാട്ട് (ബി) റവന്യൂ മജിസ്ട്രീരിയൽ എന്നീ തുറകളിൽ യാതൊരു പരിജ്ഞാനവുമില്ലാത്ത ഒരാളിനെ ഡിവിഷൻഅസിസ്റ്റൻറായി നിയമിക്കുന്നതിനുള്ള പ്രത്യേക കാരണമെന്താണ്?

MR. K. GEORGE (*Chief Secretary to Government*): Government consider him suitable for that appointment.

MR. JOSEPH KUNJU (*Changanachery* cum *Peermade*): അദ്ദേഹത്തിൽ ഗവണ്മെൻറ് അങ്ങനെകണ്ട അസാധാരണയോഗ്യതകൾ എന്തെല്ലാമാണു?

MR. K. GEORGE (*Chief Secretary to Government*): അസാധാരണയോഗ്യതയൊന്നുംവേണ്ട: സാധാരണയോഗ്യത മതിയല്ലോ.

MR. JOSEPH KUNJU (*Changanachery* cum *Peermade*): റവന്യൂമജിസ്ട്രീരിയൽ എന്നീ തുറകളിൽ യാതൊരു പരിജ്ഞാനവുമില്ലാത്തവരെ ഡിവിഷൻ അസിസ്റ്റൻറായി നിയമിക്കാറുണ്ടോ?

MR. K. GEORGE (*Chief Secretary to Government*): സാധാരണ നിയമിക്കാറില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*) ഇങ്ങനെനിയമിക്ക എന്നുള്ളതു് കീഴിൽപതിവുണ്ടോ?

MR. K. GEORGE (*Chief Secretary to Government*): അങ്ങനെയുള്ള ഇൻസ്റ്റൻസ് ഉണ്ടു്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): സാധാരണ പതിവിനുന്നതാണെന്നു മെമ്പർപ്രസ്താവിച്ചു. സാധാരണയിൽ നിന്നു വ്യത്യസ്തമായി ഇങ്ങനെഒരുനയം അനുവർത്തിക്കാൻ ഗവണ്മെൻറിനെ പ്രേരിപ്പിച്ച സംഗതിയെന്താണ്.

MR. K. GEORGE (*Chief Secretary to Government*) I answered that Government considered him suitable.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഒരുചോദ്യം ചോദിച്ചാൽ അതിനുമറുപടി ഇതാണ് എന്നുപറയുകയും വേറൊരു ചോദ്യംചോദിക്കുമ്പോൾ അതിനുമറുപടി പറഞ്ഞിട്ടുണ്ടെന്നുപറയുകയും ചെയ്യുന്നതുകൊണ്ടു പ്രയോജനമൊന്നുമില്ല. അദ്ദേഹം ഈപ്ലേസിനുസൂട്ടബിളാണെന്നുകണ്ടു എന്നുപറയുന്നു. അങ്ങനെകാണത്തക്കവണ്ണം എന്തുയോഗ്യതയാണ് അദ്ദേഹത്തിനുള്ളതു്?

MR. K. GEORGE (*Chief Secretary to Government*): That is just what I said, he has passed Criminal Higher and he knows law; and he is a senior Officer.

LIBRARY ARCHIVES Kerala Legislative Assembly

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഈ ക്രിമിനൽ ടെസ്റ്റ് എവിടെയാണ് പാസ്സായത്.

MR. K. GEORGE (*Chief Secretary to Government*): Madras.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഈക്രിമിനൽടെസ്റ്റ് ബി. എൽ. നെക്കാൾ വലിയപരീക്ഷയാണോ?

MR. K. GEORGE (*Chief Secretary to Government*): Many officers who are now Dewan Peishkars and Division Assistants have only that qualification.

MR. JOSEPH KUNJU (*Changanachery* cum *Peermade*:) ഇദ്ദേഹത്തെക്കാൾ കൂടുതൽ യോഗ്യതയുള്ളവർ സർവ്വീസിൽ ഉണ്ടായിരിക്കുമ്പോൾ വേറൊരുദ്യോഗത്തിൽനിന്നും ഒരാളിനെ നിയമിക്കാനുള്ള കാരണമെന്താണ്?

MR. K. GEORGE (*Chief Secretary to Government*): കൂടുതൽയോഗ്യതയുള്ളവർ സർവ്വീസിലുണ്ടോ എന്നനിശ്ചയിക്കേണ്ടതു ഗവണ്മെൻറാണല്ലോ. I said that he is suitable for the post; he has law qualification and he is a senior officer.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഇദ്ദേഹത്തെക്കാൾ കൂടുതൽയോഗ്യതയുള്ളവർ സർവ്വീസിലില്ലേ?

MR. K. GEORGE (*Chief Secretary to Government*): എല്ലാസംഗതികളും നോക്കിവേണമല്ലോ യോഗ്യതനിശ്ചയിക്കാൻ.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഏതുദ്യോഗത്തിലാണ് അദ്ദേഹം സീനയർഅഫീസറായി ഇരുന്നിട്ടുള്ളത്?

MR. K. GEORGE (*Chief Secretary to Government*): He was an Assistant Account Officer.

MR. JOSEPH KUNJU (*Changanachery* cum *Peermade*): സാധാരണ വല്ല അസിസ്റ്റൻറ് അക്കൗണ്ടാഫീസർ മാരെയും ഡിവിഷൻ അസിസ്റ്റൻറായി നിയമിച്ചിട്ടുണ്ടോ?

PRESIDENT: Is he developing a general argument.

MR. K. GEORGE (*Chief Secretary to Government*): He wants previous instances. മുമ്പിങ്ങനെ നിയമിച്ചിട്ടുണ്ട്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ആരെയാണ് അങ്ങനെ നിയമിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

MR. K. GEORGE (*Chief Secretary to Government*): പേഷ്കാർ മി. എൻ. നീലകണ്ഠപിള്ളയെ അങ്ങിനെ നിയമിച്ചിട്ടുണ്ട്.

MR. JOSEPH KUNJU (*Changanachey* cum *Peermade*) : അദ്ദേഹം റവന്യൂ ഡിപ്പാർട്ടുമെന്റിൽ പരിചയമില്ലാതിരുന്ന ഒരാളാണോ?

MR. K. GEORGE (*Chief Secretary to Government*): പല തുറകളിലും പരിചയമുണ്ടായിരുന്ന ആളാണ്.

MR. JOSEPH KUNJU (*Changanachey* cum *Peermade*) : ആസ്ഥിതിക്കു റവന്യൂ മജിസ്ട്രീരിയൽ എന്നീ തുറകളിൽ യാതൊരു പരിചയവുമില്ലാത്ത ഒരസിസ്റ്റന്റ് അക്കൌണ്ടാഫീസറെ ഇങ്ങനെ നിയമിക്കാനുള്ള കാരണമെന്താണ്?

MR. K. GEORGE (*Chief Secretary to Government*): ചോദ്യം കേട്ടില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): അസിസ്റ്റന്റ് അക്കൌണ്ട് ആഫീസറായിരുന്ന എന്നുള്ളയോഗ്യതമാത്രം വച്ചുകൊണ്ട് ആരെയെങ്കിലും ഡിവിഷൻ അസിസ്റ്റൻറായി നിയമിച്ചിട്ടുണ്ടോ?

MR. K. GEORGE (*Chief Secretary to Government*): മി. കപ്പാഴം രാമൻപിള്ളയെ നിയമിച്ചിട്ടുണ്ട്.

MR. JOSEPH KUNJU (*Changanachery* cum *Peermade*) : അദ്ദേഹത്തിന് റവന്യൂതുറയിലും മജിസ്ട്രീരിയൽ തുറയിലും പരിജ്ഞാനമില്ലാതിരുന്നോ?

MR. K. GEORGE (*Chief Secretary to Government*) : അതു നിശ്ചയമില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഈ ഉദ്യോഗസ്ഥനെ റവന്യൂതുറയിലേക്കോ മജിസ്ട്രീരിയൽ തുറയിലേക്കോ അയക്കരുതെന്നു വല്ലപ്പോഴും ഗവണ്മെന്റു തീരുമാനിക്കയൊ അഭിപ്രായപ്പെടുകയോ ചെയ്തിട്ടുള്ളതായി മെമ്പർക്കറിയാമോ?

MR. K. GEORGE (*Chief Secretary to Government*) : അങ്ങിനെ റിക്കാഡിൽ ഒന്നും കാണുന്നില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): എന്റെ ചോദ്യം റിക്കാഡിൽ കാണുന്നുണ്ടോഎന്നല്ലാ, മെമ്പർക്കറിയാമോഎന്നാണ്,

LIBRARY ARCHIVES Kerala Legislative Assembly

MR. K. GEORGE (*Chief Secretary to Government*) : റിക്കാർഡിലില്ലാതെ എങ്ങിനെയാണ് അറിയുക?

MR. JOSEPH KUNJU (*Changanachery cum Peermade*): മെമ്പർക്കു തറിയാമോ?

MR. K. GEORGE (*Chief Secretary to Government*) : അറിഞ്ഞുകൂടാ.

MR. JOSEPH KUNJU (*Changanachery cum Peermade*): ഈ ഉദ്യോഗസ്ഥനു മലയാളം അറിയാമോ?

MR. K. GEORGE (*Chief Secretary to Government*) : ഇപ്പോൾ അറിയാമെന്നാണ് തോന്നുന്നത്.

MR. JOSEPH KUNJU (*Changanachery cum Peermade*) : മലയാളത്തിൽ എഴുതാനും വായിക്കാനും ഈ ഉദ്യോഗസ്ഥനറിയാമോ?

MR. K. GEORGE (*Chief Secretary to Government*) : നിശ്ചയമില്ല. I claim notice.

MR. JOSEPH KUNJU (*Changanachery cum Peermade*): ഡിവിഷൻ അസിസ്റ്റൻറുമാക്കു ക്രിമിനൽകേസ് വിസ്തരിക്കേണ്ട ആവശ്യമില്ലേ?

MR. K. GEORGE (*Chief Secretary to Government*): ഉണ്ട്.

MR. JOSPEH KUNJU (*Changanacherry cum Peermade*). സാക്ഷിമൊഴികൾ രേഖപ്പെടുത്തേണ്ട ആവശ്യമില്ലേ?

MR. K. GEORGE (*Chief Secretary to Government*) : ഉണ്ട്

MR. JOSEPH KUNJU (*Changanachery cum Peermade*): സാധാരണ വക്കീലന്മാർ ക്രാസ് ചെയ്യുന്നതും, സാക്ഷിയും പ്രതിയും അതിൻപ്രകാരം നൽകുന്നതും മലയാളത്തിലായിരിക്കുമല്ലോ. അതുരേഖപ്പെടുത്തുന്നതിന് അറിയാമോ പാടില്ലയോ എന്നു നിശ്ചയമില്ലാതെ ഗവൺമെൻറ് എങ്ങിനെയാണ് ഈ ഉദ്യോഗസ്ഥനെ നിയമിച്ചത്?

MR. K. GEORGE (*Chief Secretary to Government*) : ആവശ്യത്തിനുമാത്രം മലയാളം അദ്ദേഹത്തിനറിയാം.

MR. JOSEPH KUNJU (*Changanachery cum Peermade*): മെമ്പർക്ക് അതു നല്ലനിശ്ചയമില്ലെന്നാണല്ലോ മുമ്പേപറഞ്ഞത്.

MR. K. GEORGE (*Chief Secretary to Government*): മലയാളത്തിൽ നല്ലപരിജ്ഞാനമുണ്ടോ എന്നു അന്വേഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. JOSEPH KUNJU (*Changanachery* cum *Peermade*): മലയാളം എഴുതാൻ അറിയാതെ സാക്ഷിമൊഴി രേഖപ്പെടുത്താൻ സാധിക്കുകയില്ല. അതിനു നിവൃത്തിയില്ലാത്ത ഒരാളിനെ എന്തുകൊണ്ടാണ് ഒരു ഡിവിഷൻ അസിസ്റ്റൻറായി നിയമിച്ചത്?

PRESIDENT: We do not want to hear your comments. Ask questions if you have any.

MR. K. GEORGE (*Chief Secretary to Government*): ഡിവിഷൻ അസിസ്റ്റൻറ് ജോലിക്കാവശ്യമുള്ള സകലപരിജ്ഞാനവും അദ്ദേഹത്തിനുണ്ടെന്നാണ് എൻറെ അഭിപ്രായം.

MR. JOSEPH KUNJU (*Changanachery* cum *Peermade*): അതു് എൻറെചോദ്യത്തിൻറെ മറുപടിയല്ല സാക്ഷിമൊഴി രേഖപ്പെടുത്തത്തക്കവണ്ണമുള്ള ഭാഷാപരിജ്ഞാനം അദ്ദേഹത്തിനുണ്ടോ എന്നാണ് എൻറെ ചോദ്യം.

MR. K. GEORGE (*Chief Secretary to Government*): That is all I can say.

MR. JOSEPH KUNJU (*Changanachery* cum *Peermade*): സാക്ഷിമൊഴി മുഴുവൻ ഒരു മജിസ്ട്രേട്ട് എഴുതേണ്ട ആവശ്യമില്ലേ?

MR. K. GEORGE (*Chief Secretary to Government*): മജിസ്ട്രേട്ട് അതുമുഴുവനും എഴുതണമെന്നില്ല. നോട്സ് മാത്രം എഴുതിയാൽ മതി.

MR. JOSEPH KUNJU (*Changanachery* cum *Peermade*): അപ്പോൾ അദ്ദേഹത്തിനു മലയാളത്തിൽ യാതൊന്നും എഴുതേണ്ട ആവശ്യമില്ലേ?

MR. K. GEORGE (*Chief Secretary to Government*): വേറെയൊളിനെ കൊണ്ടെഴുതിച്ചാൽമതി. മലയാളം കേട്ടാൽ അദ്ദേഹത്തിനറിയാം. അതുകൊണ്ടു നോട്ടസ് എടുക്കാൻ സാധിക്കും.

MR. JOSEPH KUNJU (*Changanachery* cum *Peermade*): മെമ്പറുടെ മറുപടികൊണ്ടുതന്നെ കൂടുതൽ മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. അതുകൊണ്ടു കൂടുതൽ മറുപടി വേണമെന്നില്ല. മി. രാമചന്ദ്രറാവു ക്രിമിനൽടെസ്റ്റ് പാസ്സായിട്ടുണ്ടെന്നു പറഞ്ഞല്ലോ. അതുപാസ്സായിട്ട് എത്ര കൊല്ലമായി?

MR. K. GEORGE (*Chief Secretary to Government*): എട്ടൊൻപതു കൊല്ലമായി.

MR. JOSEPH KUNJU (*Changanachery* cum *Peermade*): അദ്ദേഹം സർവ്വീസിൽ കയറിയശേഷമാണോ പാസ്സായതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. K. GEORGE (*Chief Secretary to Government*): അതേ.

MR. JOSEPH KUNJU (*Changanachery* cum *Peermade*): അദ്ദേഹം ക്രിമിനലായി എന്നെങ്കിലും ജോലി ചെയ്തുകൊണ്ടിരുന്നോ?

MR. K. GEORGE (*Chief Secretary to Government*): ഇല്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): റവന്യൂ മജിസ്ട്രീരിയൽ വകുപ്പന്നെ ചെയ്തുകൊണ്ടിരിക്കുന്നവരുടെയിടയിൽ ഈസ്ഥാനത്തിന് ന്യായമായ അവകാശികളില്ലായിരുന്നുവോ?

MR. K. GEORGE (*Cheif Secretary to Government*): തഹശീൽദാർമാർ ഉണ്ടായിരുന്നു.

MR. JOSEPH KUNJU (*Changanachery* cum *Peermade*): സാധാരണമായി ഹുജൂർ അസിസ്റ്റൻറ് സെക്രട്ടറിമാരിൽനിന്നും തഹശീൽദാർമാരിൽ നിന്നുമാണോ ഡിവിഷൻ അസിസ്റ്റൻറന്മാരെ നിയമിക്കുക പതിവു?

MR. K. GEORGE (*Chief Secretary to Government*): തഹശീൽദാരന്മാരെന്നിയമിക്കുന്ന പതിവുണ്ട്. അസിസ്റ്റൻറ് സെക്രട്ടറിമാരെ സാധാരണ ഇങ്ങനെ നിയമിക്കുന്ന പതിവില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): സാധാരണ ആദ്യം മജിസ്ട്രേട്ടന്മാർക്കു നാലാം ക്ലാസ് മജിസ്ട്രേട്ടധികാരമല്ലാതെ ഒന്നാം ക്ലാസ്മജിസ്ട്രേട്ടധികാരം കൊടുക്കാറുണ്ടോ?

MR. K. GEORGE (*Chief Secretary to Government*): മുൻസിഫ് മജിസ്ട്രേട്ടന്മാർക്കു ആദ്യമേതന്നെ ഒന്നാംക്ലാസ് മജിസ്ട്രേട്ടധികാരമാണ് കൊടുക്കുന്നതു്. സാധാരണ ഹൈക്കോടതിയിലെ ഒരു ക്ലാർക്കിനെ മുൻസീഫ്-മജിസ്ട്രേട്ടായി നിയമിച്ചു് ഒന്നാംക്ലാസ് അധികാരവും കൊടുക്കുന്നുണ്ടു്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): റവന്യൂ മജിസ്ട്രീരിയൽ എന്നീയുറകളിൽ യാതൊരു പരിചയവുമില്ലാത്തവരെ ഡിവിഷൻ അസിസ്റ്റൻറായി നിയമിക്കുന്നതുകൊണ്ടു് വിരോധമില്ലെന്നു പറഞ്ഞു.

MR. K. GEORGE (*Chief Secretary to Government*): അങ്ങിനെ രൂഢം ഇല്ലെന്നു പറഞ്ഞതെയൊള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഇതിനമുമ്പുന്യായമായി കിട്ടേണ്ടപലരും ഡിവിഷൻഅസിസ്റ്റൻറ് സ്ഥാനത്തിനപേക്ഷിച്ചപ്പോൾ അവക്കു റവന്യൂമജിസ്ട്രീരിയൽ പരിജ്ഞാനമില്ലാത്തതുകൊണ്ടു നിഷേധിക്കുന്നതല്ല എന്നു ഗവണ്മെൻറ് പറഞ്ഞിട്ടുണ്ട്. അതു വെറും കളവും, അബദ്ധവുമാണെന്നാണോ വിചാരിക്കേണ്ടതു?

MR. K. GEORGE (*Chief Secretary to Government*): He asked whether the statement by Government, that they give representation to the various communities is not a false statement ?

PRESIDENT: He is not in order.

MR. JOSEPH KUNJU (*Changanachery* cum *Peermade*): മുൻസിഫുമാക്കു ഒന്നാംക്ലാസ് മജിസ്ട്രേട്ടധികാരം കൊടുക്കുന്നുണ്ടെന്നു പറഞ്ഞു. അവർ ബി. എൽ. പാസ്സായവരായിരിക്കയില്ലെ?

MR. K. GEORGE (*Chief Secretary to Government*): അതെയിരിക്കും.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ബി. എൽ പാസ്സായവരായതുകൊണ്ടല്ലേ ഒന്നാംക്ലാസ് മജിസ്ട്രേട്ടധികാരം കൊടുക്കുന്നതു?

MR. K. GEORGE (*Chief Secretary to Government*): ഒന്നാംക്ലാസ് മജിസ്ട്രേട്ടന്മാരിൽ ഇന്നു സർവ്വീസിലിരിക്കുന്ന പലരും ബി. എൽ പാസ്സാകാത്തവരാണു്. ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരുടെ കൂട്ടത്തിൽപോലും ബി. എൽ. പാസ്സാകാത്തവരുണ്ടു്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ക്രിമിനൽ ടെസ്റ്റ് ബി. എൽ. നുതുല്യമായിട്ടാണോ വിചാരിക്കുന്നതു?

MR. K. GEORGE (*Chief Secretary to Government*): സിവിൽജുഡിഷ്യരിക്കു ബി. എൽ. അത്യാവശ്യമാണു്; ക്രിമിനൽ ജുഡിഷ്യരിക്കു ക്രിമിനൽടെസ്റ്റ് പാസ്സായവർ മതി.

MR. JOSEPH KUNJU (*Changanachery* cum *Peermade*): പ്ലീഡർഷിപ്പ് പാസ്സായവരെയും മജിസ്ട്രേട്ടായി നിയമിക്കുമോ?

MR. K. GEORGE (*Chief Secretary to Government*) : സർവീസിൽ അങ്ങിനെയില്ല.

PRESIDENT: The member is getting into a general discussion.

Encouragement of co-operative institutions in the State.

67. **MR. M. N. NARAYANA MENON** (*Kottayam*) : Will the Government be pleased to state :

LIBRARY ARCHIVES Kerala Legislative Assembly